II ഇ.ബി. XV- കേരള നിയമസഭ/XIII-8

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 മാർച്ച് 10, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

32(*211) വേമ്പനാട് കായൽസംരക്ഷണം

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, വേമ്പനാട് കായൽ സംരക്ഷിക്കുന്നതിനും ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനുമായി കായലിലെയും ബന്ധപ്പെട്ട തോടുകളിലെയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പാക്കുന്നതിനുമായി 'വേമ്പനാട് കായൽ പാരിസ്ഥിതിക പുനഃസ്ഥാപന യജ്ഞം' നടപ്പിലാക്കിവരുന്നുണ്ടെന്നും ആലപ്പുഴ, കോട്ടയം ജില്ലകളിലെ ടി

കായലുമായി ബന്ധപ്പെട്ട തോടുകൾ/കനാലുകൾ എന്നിവയുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കായൽ സംരക്ഷണത്തിന്റെ ഭാഗമായി അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഊന്നിക്കുറ്റികൾ നീക്കംചെയ്യുന്ന നടപടി നടന്നുവരികയാണ്. 2020-21-ൽ ആലപ്പുഴ ജില്ലയിലെ വയലാർ, നെടുമുടി, തുറവൂർ, മുഹമ്മ, തൈക്കാട്ടുശ്ശേരി, വെളിയനാട്, മണ്ണഞ്ചേരി, അരുക്കുറ്റി, പെരുമ്പളം എന്നിവിടങ്ങളിൽ പഞ്ചായത്ത് കനാൽ നവീകരണം, വേമ്പനാട് കായലിന്റെ നൈസർഗിക ഒഴുക്ക് തടസ്സം നീക്കൽ, കുട്ടനാട് പാടശേഖര സംരക്ഷണം, ജീവികളുടെ ആവാസവ്യവസ്ഥ പരിപാലിക്കൽ, കായൽ മത്സ്യബന്ധന പ്രവൃത്തികൾ എന്നിവയ്ക്കായി 43,51,721/- രൂപയുടെ പദ്ധതി നടപ്പിലാക്കുകയും അരൂർ പഞ്ചായത്തിലെ 3 കനാലുകൾ നവീകരിക്കുന്നതിനായി 17 ലക്ഷം രൂപയും വേമ്പനാട് കായലിലെ പോളപ്പായൽ നീക്കം ചെയ്യുതിന് 6,60,000/- രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2022-2023-ൽ വേമ്പനാട് കായലുമായി ബന്ധപ്പെട്ട പഞ്ചായത്ത് കനാലുകളുടെയും തോടുകളുടെയും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 99.17 ലക്ഷം രൂപയും 2023-24-ൽ എഴുപുന്ന, വയലാർ പഞ്ചായത്തിലെ

തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി 43,31,115/ രൂപയും നടപ്പ് സാമ്പത്തിക വർഷം വയലാർ പഞ്ചായത്തിലെ അവശേഷിക്കുന്ന പ്രവൃത്തികൾക്കായി 20 ലക്ഷം രൂപയും തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതിനുപുറമേ വേമ്പനാട് കായലിന്റെ വിവിധ പ്രദേശങ്ങളിൽ ചെളിയും എക്കലും നീക്കംചെയ്യുന്നതിന് ജലവിഭവ വകുപ്പുമുഖേനയും നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വേമ്പനാട് കായലിന്റെ ജല ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന Integrated Fishery Resource Management in Inland Aquatic Ecosystem Project-ന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 14 മത്സ്യ സങ്കേതങ്ങളും 11 കക്കാ റിലേയിംഗ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. മത്സ്യങ്ങൾക്ക് സുരക്ഷിതമായ പ്രജനന കേന്ദ്രങ്ങൾ ഉറപ്പാക്കുന്നതിനും കക്കാ സംരക്ഷിത പ്രദേശങ്ങൾ ഒരുക്കുന്നതിനുമായി ചീപ്പുങ്കൽ മാലിക്കായൽ, വെച്ചൂർ പുത്തൻ കായൽ എന്നിവിടങ്ങളിൽ 6 കക്കാ സങ്കേതങ്ങളും 6 മത്സ്യസങ്കേതങ്ങളും സ്ഥാപിക്കുകയും കായൽ പട്രോളിംഗ് നടത്തിയും KIFA ACT പ്രകാരമുള്ള

നടപടികൾ സ്വീകരിച്ചും മത്സ്യ ചൂഷണം തടയുകയും ചെയ്യുന്നുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ജനകീയാസൂത്രണം 2024-25 പദ്ധതിയിൽ വേമ്പനാട്ട് കായലിന്റെ 8 സമീപ പഞ്ചായത്തുകളിൽ മത്സ്യ സമ്പത്ത് വർധിപ്പിക്കുന്നതിനായി 21.7 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും 81600 കരിമീൻ കുഞ്ഞുങ്ങളെയും നിക്ഷേപിച്ചിട്ടുണ്ട്. വേമ്പനാട് കായലിന്റെ ഇക്കോസിസ്റ്റം സംബന്ധിച്ച കുഫോസിന്റെ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. ഉൾനാടൻ മത്സ്യ സമ്പത്ത് വർധിപ്പിക്കുന്നതിന് മത്സ്യ സങ്കേതങ്ങൾ ഒരുക്കുന്ന പദ്ധതി പ്രദേശത്ത് മത്സ്യബന്ധനം നിരോധിക്കുകയും മത്സ്യ പ്രജനനത്തിന് സഹായകകരമായ വസ്തുക്കൾ നിക്ഷേപിച്ച് പ്രദേശം സംരക്ഷിക്കുകയും നടപ്പുസാമ്പത്തിക വർഷം ഇതിനായി 333 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കർഷകരുടെ പങ്കാളിത്തത്തോടുകൂടി കരിമീൻ മത്സ്യവിത്ത് ഉൽപ്പാദനത്തിനായി 'പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉൽപ്പാദന യൂണിറ്റ്' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും നടപ്പുവർഷം 175 പുതിയ കരിമീൻ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുകയും 309 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തതിലൂടെ 77.81 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ

സാധിച്ചിട്ടുണ്ടെന്നും നൂതന കൃഷിരീതികൾ അവലംബിച്ചതിലൂടെ 2023-24-ൽ ഉൾനാടൻ മത്സ്യ ഉൽപ്പാദനം 40852 മെട്രിക് ടണ്ണായി വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

33(*212) വന്യമൃഗ ആക്രമണത്തിലെ ഹൈക്കോടതി നിരീക്ഷണം

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണംമൂലം മലയോരനിവാസികൾ മരണ ഭീതിയിൽ ജീവിക്കേണ്ടി വരുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കുന്നതുമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി പത്തിന കർമ്മപരിപാടി നടപ്പിലാക്കിവരുന്നുണ്ടെന്നും സർക്കാർ കൈക്കൊണ്ട വിവിധ പ്രവർത്തനങ്ങളുടെ ഫലമായി വന്യമൃഗങ്ങൾമൂലമുള്ള അപകടമരണങ്ങൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുള്ള മരണവും നാശനഷ്ടങ്ങളും ലഘൂകരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പുരോഗതി വിലയിരുത്തി

മുന്നോട്ടുപോകുന്നതിനുമായി മനുഷ്യ-വന്യമൃഗ സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം" ആയി സർക്കാർ പ്രഖ്യാപിക്കുകയും 1972-ലെ വന്യജീവി (സംരക്ഷണം) നിയമം, MoEF&CC/NTCA മാർഗനിർദേശങ്ങൾ/SOP എന്നിവയിൽ കാലോചിതമായ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷ മേഖലകളെ ഹോട്ട്സ്പോട്ടുകളായി തിരിച്ച് അനുയോജ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നതിലൂടെ അട്ടപ്പാടി മേഖലയിൽ കഴിഞ്ഞ രണ്ട് വർഷമായി കാട്ടാനമൂലമുള്ള അപകടമരണം ഒഴിവാക്കാനും SARPA മൊബൈൽ ആപ്പ് ഏർപ്പെടുത്തിയും ലൈസൻസ്ഡ് റെസ്ക്യൂ വോളന്റീയർമാരെ നിയോഗിച്ചും പാമ്പുകടിയേറ്റുള്ള മരണം കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. 01/04/2019 മുതൽ 31/01/2025 വരെ മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുള്ള മരണം, പരിക്ക്, കാലിനഷ്ടം, കൃഷി നാശം എന്നിവയ്ക്കായി 7018.87 ലക്ഷം രൂപ നഷ്ടപരിഹാരയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ജനവാസമേഖലകളിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയാനായി സൗരോർജ വേലി, ആനക്കിടങ്ങ് എന്നിവയടക്കമുള്ള പ്രതിരോധ നിർമ്മിതികൾ സ്ഥാപിക്കുകയും വനമേഖലയിൽ ജലലഭ്യത ഉറപ്പുവരുത്തി

ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനുതകുന്ന പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. സ്വാഭാവിക വനപുനഃസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1583.85 ഹെക്ടർ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുകയും വയനാട് വന്യജീവി സങ്കേതത്തിലെ 2667.91 മെട്രിക് ടൺ സെന്ന മരങ്ങൾ നീക്കംചെയ്യുകയും ചെയ്തിട്ടുണ്ട്. ആറളം ഫാമിൽ കാട്ടാന ആക്രമണത്തെത്തുടർന്ന് കൊല്ലപ്പെട്ട ദമ്പതികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ അടിയന്തര സഹായമായി നൽകിയതിനുപുറമെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് 10 ലക്ഷം രൂപ അനുവദിക്കുന്നതുമാണ്. ആറളം ഫാമിലെ കാട്ടാനകളെ ഉൾക്കാട്ടിലേക്ക് തുരത്തുന്ന പ്രവൃത്തികൾക്കുപുറമെ അനെർട്ട് മുഖേന സോളാർ ഹാങിംഗ് ഫെൻസിങ് വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ആറളം ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുകയും ആന തുരത്തൽ ദൗത്യത്തിനായി പ്രദേശത്ത് വനംവകുപ്പ് 24 മണിക്കൂറും പട്രോളിംഗും ഡ്രോൺ നിരീക്ഷണവും നടത്തുകയും പുനരധിവാസമേഖലയിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യമൃഗങ്ങളിൽനിന്നുള്ള അപകടം ഒഴിവാക്കുന്നതിന് പൊതുജനങ്ങൾക്ക്

ബോധവൽക്കരണ ക്ലാസും സമൂഹമാധ്യമങ്ങൾവഴി അറിയിപ്പുകളും നൽകി വരുന്നതിനുപുറമെ തദ്ദേശീയ വോളന്റീയർമാരെ ഉൾപ്പെടുത്തി പ്രൈമറി റെസ്പോൺസ് ടീം (പി.ആർ.ടി.) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യമൃഗ ആക്രമണംമൂലമുള്ള മരണം, പരിക്ക്, കൃഷിനാശം എന്നിവയ്ക്ക് ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതിനും കാർഷിക വിഷയങ്ങളുടെ തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി പ്രത്യേക ട്രൈബ്യൂണൽ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും കാസർഗോഡ് ജില്ലയിൽ കൂടുതൽ ആർ.ആർ.ടി.-കളുടെ സേവനം ഉറപ്പുവരുത്തുന്നതാണെന്നും കാർഷികവിളകൾക്കുള്ള നഷ്ടപരിഹാരം വർധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

34(*213) പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷന്റെ വായ്പാ നിബന്ധനകൾ

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, പട്ടികവർഗ വിഭാഗത്തിലുൾപ്പെട്ട 18-55 വയസ്സിനുള്ളിൽ പ്രായമുള്ള ആളുകൾക്ക് വസ്തു, നിർദ്ദിഷ്ട ധനകാര്യ സ്ഥാപനങ്ങളുടെ ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ, എൽ.ഐ.സി.

പോളിസി എന്നിവയ്ക്കുപുറമേ ഉദ്യോഗസ്ഥ ജാമ്യത്തിലും പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ വായ്പകൾ നൽകിവരുന്നുണ്ടെന്നും കുടുംബശ്രീ മുഖേനയുള്ള വനിതാ സംരംഭക വായ്പകൾക്ക് ജാമ്യം ഒഴിവാക്കി വായ്പ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എൻ.എസ്.എഫ്.ഡി.സി., എൻ.എസ്.ടി.എഫ്.ഡി.സി. പദ്ധതികളിലെ വായ്പയ്ക്കുള്ള വാർഷിക വരുമാന പരിധി മൂന്ന് ലക്ഷംരൂപയ്ക്ക് താഴെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മിതമായ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനും അവരുടെ സാമ്പത്തിക നില മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടുവരുന്നതിനുമായി രൂപീകരിച്ച പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ ദേശീയ പുനർവായ്പാ ഏജൻസികളുടെ വായ്പാ സഹായവും സംസ്ഥാന സർക്കാരിന്റെ മൂലധനസഹായവും ഉപയോഗിച്ച് നിലവിൽ 50 ലക്ഷം രൂപവരെ വായ്പ നൽകാനുതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 'കരുതലും കൈത്താങ്ങും' പദ്ധതിയിലുൾപ്പെടുത്തി എല്ലാ സാമ്പത്തിക വർഷവും മാർച്ച് മാസത്തിൽ അദാലത്ത് സംഘടിപ്പിച്ച് മരണപ്പെട്ടവരുടെയും തിരിച്ചടവ്

സാധ്യതകൾ ഇല്ലാത്തവരുടെയും വായ്പകൾ നിബന്ധനകൾക്കുവിധേയമായി ഒഴിവാക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നുണ്ടെന്നും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ കൂടുതലുള്ള ജില്ലകൾ കേന്ദ്രീകരിച്ച് കോർപ്പറേഷന്റെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്ന നടപടികളാരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

35(*214) <u>പട്ടികവർഗ വിദ്യാർഥികൾക്കായി സമഗ്ര കർമ്മപദ്ധതി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പട്ടികവർഗ വിദ്യാർഥികളുടെ സാർവത്രിക എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതിനും വിജയശതമാനം വർധിപ്പിക്കുന്നതിനും വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി മോഡൽ പ്രീ സ്കൂളുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീ-മെട്രിക് & പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നതിനുപുറമെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം, ഗോത്ര ബന്ധു/വിദ്യാവാഹിനി, വിവിധ തരം

സ്കോളർഷിപ്പുകൾ, സാമൂഹ്യ പഠനമുറി, ട്യൂട്ടോറിയൽ ഗ്രാന്റ് തുടങ്ങി നിരവധി പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. പട്ടികവർഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതിനുപുറമെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പിന്തുണയ്ക്കായി പാർട്ട് ടൈം ട്യൂട്ടർ/റസിഡന്റ്സ് ട്യൂട്ടർ, സ്റ്റുഡന്റ് കൗൺസിലർ എന്നിവരുടെ സേവനം ഉറപ്പാക്കുകയും ഗണിത-ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി വർധിപ്പിക്കുന്നതിനായി 'മഞ്ചാടി', 'മഴവില്ല്' എന്നീ പദ്ധതികൾ നടപ്പിലാക്കുകയും പ്രൈമറി തലത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പാലക്കാട്, വയനാട്, മലപ്പുറം ജില്ലകളിലായി 326 മെന്റർ ടീച്ചർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് 31 മോഡൽ പ്രീ-സ്കൂളുകളിലായി 500 കുട്ടികൾ പഠനം നടത്തിവരുന്നുണ്ട്. സ്കൂളുകളിൽനിന്നും നഗറുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള പഠന സൗകര്യം, ലഘുഭക്ഷണം എന്നിവ ഒരുക്കുന്ന പദ്ധതിയിലൂടെ 364 സാമൂഹ്യ പഠനമുറികൾ ഒരുക്കുകയും ഏകദേശം 7000 കുട്ടികൾക്ക് പ്രയോജനം ലഭ്യമാകുകയും ചെയ്യുന്നുണ്ട്. അക്കാദമിക കലാ കായിക മത്സരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക്

പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയിലൂടെ 1915 വിദ്യാർഥികൾക്കും അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡവലപ്മെന്റ് പദ്ധതിയിലൂടെ യു.പി. തലത്തിൽ 750-ഉം ഹൈസ്കൂൾ തലത്തിൽ 750-ഉം വിദ്യാർഥികൾക്കും പ്രയോജനം ലഭിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഏവിയേഷൻ മേഖലയിൽ പഠനം നടത്തുന്നതിന് 'വിങ്സ്' പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും പ്രീ-സ്കൂൾ പദ്ധതിയിലൂടെ പഠനോപകരണങ്ങൾ, യൂണിഫോം, കുട, ബാഗ്, ചെരുപ്പ് എന്നിവ വാങ്ങുന്നതിനായി 3000/- രൂപ പ്രതിവർഷം അനുവദിച്ചുവരുന്നുണ്ടെന്നും മിൽമയുമായി സഹകരിച്ച് പോഷകമൂല്യമുള്ള പാൽ, മുട്ട എന്നിവ വിതരണം ചെയ്തുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

36(*215) <u>ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്കുള്ള ഭവന പദ്ധതി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായി ലൈഫ് മിഷൻ, ഭൂരഹിത പുനരധിവാസ പദ്ധതി, ലാൻഡ്

ബാങ്ക്, സേഫ് തുടങ്ങി വിവിധ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ലൈഫ് മിഷൻ മുഖേന നാല് ലക്ഷം രൂപയും പട്ടികവർഗ്ഗ ഉന്നതികൾ, ഉന്നതികളോടുചേർന്നുവരുന്ന പ്രദേശം, അതീവ ദുർഘട പ്രദേശം എന്നിവിടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗങ്ങൾ/ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂമി ആർജിക്കുന്ന പട്ടികവർഗ കുടുംബങ്ങൾ എന്നിവർക്ക് ഭവന നിർമ്മാണത്തിന് ആറ് ലക്ഷം രൂപയും സേഫ് പദ്ധതിയിലൂടെ ഭവന പൂർത്തീകരണത്തിന് പട്ടികജാതി വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ വിഭാഗങ്ങൾക്ക് രണ്ടര ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ 3,75,000/- രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 4,50,000/- രൂപയും കോർപ്പറേഷൻ പരിധിയിൽ 6,00,000/- രൂപയും പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിക്കുന്നതിനുപുറമെ ലാന്റ് ബാങ്ക് പദ്ധതിയിലൂടെയും ലൈഫ് മിഷനിലുൾപ്പെടുത്തിയും ഭൂരഹിത ഭവനരഹിത പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നുണ്ട്. ഭവന പദ്ധതിപ്രകാരം ലഭിക്കുന്ന വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്

നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.